**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2591** **21-01-2021 - ൽ മറുപടിയ്ക്ക്**

**പുള്ള്-മനക്കൊടി ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ, നാട്ടിക മണ്ഡലങ്ങളിലായി വ്യാപിച്ച് കിടക്കുന്ന കോൾ മേഖല കേന്ദ്രീകരിച്ച് പക്ഷിനിരീക്ഷകരെയും വിനോദസഞ്ചാരികളെയും ആകർഷിക്കുന്നതിനായുള്ള പുള്ള്-മനക്കൊടി ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട വികസന പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | പുള്ള്-മനക്കൊടി ടൂറിസം പദ്ധതി സംബന്ധിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, തൃശ്ശൂർ 4.94 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയെങ്കിലും പദ്ധതി പ്രദേശം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ അധീനതയിലായതിനാൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ അനുമതി ലഭ്യമാക്കുന്നതിലേക്ക് പദ്ധതിയുടെ രൂപരേഖ പകർപ്പ് സഹിതം കത്ത് നൽകിയിട്ടും അനുമതി ലഭിച്ചില്ല. 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിൽ കോൾ പാട മേഖല മുഴുവനായും മുങ്ങി പോവുകയും നാശ നഷ്ടങ്ങളുണ്ടാവുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ